**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 121

27.6.2007-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ. കെ.സി.രാജഗോപാലൻ
ശ്രീ. പി.ടി.എ റഹീം
ശ്രീ. എ.എം.ആരിഫ്

എ) മത്സ്യത്തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും ജീവനും, അവരുടെ വീട്, തൊഴിൽ ഉപകരണങ്ങൾ എന്നിവയ്ക്കെല്ലാം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ബി) എന്നു മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

മറുപടി

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു
മന്ത്രി)

എ) ഉണ്ട്. 'മത്സ്യസുരക്ഷ' എന്ന പേരിൽ ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിവരുന്നു. ഇതുപ്രകാരം അപകട മരണങ്ങൾക്ക് 1 ലക്ഷം രൂപയും പൂർണ്ണ അവശതയ്ക്ക് 50,000 രൂപയും നഷ്ടപരിഹാരം ലഭിക്കും. പരമ്പരാഗത യാനങ്ങൾക്ക് യാനങ്ങളുടെ വലിപ്പമനുസരിച്ച് യൂണിറ്റ് കോസ്റ്റിന്റെ 1 ശതമാനം പ്രീമിയം അടയ്ക്കണം. യൂണിറ്റ് കോസ്റ്റിന്റെ 50. ശതമാനം നഷ്ടപരിഹാരം നൽകും. പരമ്പരാഗത യാനങ്ങളിൽ ഉപയോഗിക്കുന്ന എഞ്ചിനുകൾക്കും ഇതു ബാധകമാണ്. വലകൾക്ക് ഒരു ഫിഷിംഗ് യൂണിറ്റിന്റെ ഘടകമെന്ന നിലയിൽ പരമാവധി 20,000 രൂ വരെ നഷ്ടപരിഹാരം അനുവദിക്കും. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കുള്ള സർക്കാർ വിഹിതമായി ഈ വർഷത്തെ ബജറ്റിൽ 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ബി) 2007-2008 സാമ്പത്തിക വർഷത്തിൽ തന്നെ ഇതു നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 122 — 27.6.07- ൽ മറുപടിക്ക്

ലക്ഷം വീടുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.കെ.പ്രേംനാഥ് : <br> ശ്രീ.കെ.പി.മോഹനൻ: <br> ശ്രീ.ജോസ് തെറ്റയിൽ: | ശ്രീ.ബിനോയ് വിശ്വം <br> (വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ലക്ഷം വീടുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) ലക്ഷം വീടുകൾ നവീകരിക്കുന്നതിന് വീടൊന്നിന് 40,000/- രൂപ ചെലവാണ് അംഗീകരിക്കുന്നത്. ലക്ഷം വീടുകളുടെ പുനർ നിർമ്മാണമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ചെലവിന്റെ 50% സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബാക്കി 50% സർക്കാരുമാണ് വഹിക്കുന്നത്. |
| ബി) ഇതുപ്രകാരം എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ ? | ബി) ലക്ഷം വീട് നവീകരണപദ്ധതി 26.11.04 ലെ (എം.എസ്) 57/2004/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം, സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി നടപ്പിലാക്കുന്നു. ടി ഉത്തരവ് പ്രകാരം 2004-2005 ൽ സർക്കാർ സഹായം 5 കോടി രൂപയിൽ കവിയരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഭവന നിർമ്മാണ ബോർഡ് 8.12.2004 ലെ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T 123 27.06.2007-ൽ മറുപടിയ്ക്ക്

### പിന്നോക്ക വിഭാഗ സർവ്വേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. എ.കെ.ബാലൻ,<br>ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി. |
| എ) സംസ്ഥാനത്തെ വിവിധ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥയെ ക്കുറിച്ച് സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഏതെല്ലാം വിഭാഗത്തിലുള്ള പിന്നോക്കക്കാരാണ് സർവ്വേയുടെ പരിധിയിൽ വരുന്നത്; | ബി) നിലവിൽ പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ സമുദായങ്ങളുടെ സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |
| സി) ഇവരെ സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | സി) & ഡി) സാമൂഹിക-സാമ്പത്തിക സർവ്വേ നടത്തുന്നതിനുള്ള നടപടികൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സ്വീകരിച്ചു വരികയാണ്. സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| ഡി) സർവ്വേ എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | |
| ഇ) പിന്നോക്ക വിഭാഗങ്ങളുടെ പട്ടിക പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലുള്ള പട്ടിക തയ്യാറാക്കിയത് ഏത് വർഷമാണ്? | ഇ) പിന്നോക്ക വിഭാഗങ്ങളുടെ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ നിർദ്ദിഷ്ട സർവേ പൂർത്തിയാക്കിയശേഷം പരിശോധിക്കുന്നതാണ്. ഏറ്റവും ഒടുവിലായി 2002 നവംബർ മാസത്തിലാണ് പട്ടിക പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ .124 27.06.2007-ൽ മറുപടിക്ക്

റെയിൽവേ, തുറമുഖം എന്നിവ വഴിയുള്ള അനധികൃത ചരക്ക് കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മോനായി<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ | ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)സംസ്ഥാനത്ത് റെയിൽവേ വഴിയുള്ള അനധികൃത ചരക്ക് കടത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതു തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) റെയിൽവേ വഴിയുള്ള അനധികൃത ചരക്ക് കടത്തു തടയുന്നതിനുവേണ്ടി റെയിൽവേ പാർസൽ ഓഫീസുകളിൽ നിന്നും ഇന്റലിജൻസ് വിഭാഗം വിവരങ്ങൾ ശേഖരിച്ചു നടപടിയെടുക്കേണ്ട കേസുകളിൽ നടപടി എടുക്കുന്നു. റെയിൽവേ വഴി ചരക്കുകൾ അയയ്ക്കുമ്പോൾ അയയ്ക്കുന്ന ഡീലറുടെയും ആർക്കാണോ അയയ്ക്കുന്നത് ആ ഡീലറിന്റെയും പൂർണ്ണമായ വിലാസവും, ടിൻ നമ്പരും കാണിക്കണമെന്ന് റെയിൽവേ ബോർഡ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്നവരുടെ ചരക്കുകൾ പിടിച്ചെടുക്കുന്നതിനും, പിഴ ഈടാക്കുന്നതിനും, ലേലം ചെയ്യുന്നതിനും വാണിജ്യ നികുതി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) പാർസൽ കമ്പനികൾക്ക് റെയിൽവേ വാഗൺ പാട്ടത്തിന് നൽകുന്നതുമൂലം ഇതുവഴി വരുന്ന സാധനങ്ങൾ നികുതി അടക്കാതെ കൊണ്ടു പോകുന്നത് തടയുന്നതിന് റെയിൽവേ വകുപ്പുമായിച്ചേർന്ന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ; | (സി) ഈ വിഷയത്തിൽ റെയിൽവേയും കേന്ദ്ര സർക്കാരും ഉന്നതാധികാര സമിതിയും ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) തുറമുഖം വഴി എത്തുന്ന സാധനങ്ങൾ നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) എങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിക്കുമോ; നികുതി വെട്ടിപ്പു തടയുന്നതിനായി വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) തുറമുഖം വഴി നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിനായി ഇറക്കുമതിക്കാർക്ക് ട്രാൻസിറ്റ് പാസ് നൽകുന്നതിനും, നികുതി മുൻകൂർ അടയ്ക്കുന്നതിനും എറണാകുളത്തെ വില്ലിംഗ്ടൺ ഐലന്റിൽ 'ഫെസിലിറ്റേഷൻ സെന്റർ' 2.6.2007 മുതൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പുതുതായി ഏഴ് ഇന്റലിജൻസ് സ്ക്വാഡുകൾ എറണാകുളത്ത് 2007 മേയ് മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 125      27.06.2007 -ൽ മറുപടിയ്ക്ക്

### 'എന്റെ മരം പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. കെ. അജിത്. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വനംവകുപ്പിന്റെ കീഴിൽ 'എന്റെ മരം പദ്ധതി' ആരംഭിച്ചിട്ടുണ്ടോ ; | (എ) കുട്ടികളിൽ വൃക്ഷസ്നേഹവും പരിസ്ഥിതി അവബോധവും വളർത്തിയെടുക്കുന്നതിനായി വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന 'എന്റെ മരം' പദ്ധതിക്ക് ജൂൺ 5-നു തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ ; | (ബി) സ്വന്തം വീട്ടുവളപ്പിലും മറ്റ് പൊതു ഇടങ്ങളിലും വൃക്ഷം നടുകയും താൽപര്യപൂർവ്വം അതിനെ പരിപാലിക്കുകയും ചെയ്യുക എന്നതാണ് എന്റെ മരം പദ്ധതിയിൽ പ്രധാനമായും ലക്ഷ്യമിടുന്നത്. ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് ഭാഗം ഹരിത കവചമായി നിലനിർത്തണമെന്ന ദേശീയ വനനയ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുമുള്ള സാമൂഹ്യ വനവൽക്കരണ പ്രക്രിയയുടെ ഭാഗമായിട്ടാണ് 'എന്റെമരം' പദ്ധതി നടപ്പിലാക്കുന്നത്. *പരിസ്ഥിതിപ്രവർത്തനങ്ങളിലും,* പരിസര-പരിസ്ഥിതി ശുചീകരണ പരിപാടികളിലും വിദ്യാർത്ഥികൾക്കുള്ള |

| | | | |
|---|---|---|---|
| | | | പങ്ക് അംഗീകരിച്ച് അവരിലൂടെ മാതാപിതാക്കളെയും പൊതുജനങ്ങളെയും പ്രബുദ്ധരാക്കി, വനവല്‍ക്കരണത്തില്‍ പങ്കാളിത്തം ഉറപ്പുവരുത്തുന്നതും ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളാണ്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ആകെ എത്ര വൃക്ഷ തൈകള്‍ വിതരണം ചെയ്യുന്നതിനാണുദ്ദേശിച്ചിട്ടുള്ളത് ; ഇതില്‍ എത്ര തൈകള്‍ ഇതിനകം വിതരണം ചെയ്തു ; | (സി) | 5 മുതല്‍ 9 വരെയുള്ള ക്ലാസ്സുകളില്‍ പഠിക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് 'ഒരു കുട്ടിക്ക് ഒരു തൈമരം' എന്ന കണക്കില്‍ തൈകള്‍ ഉല്‍പ്പാദിപ്പിച്ച് വിതരണം ചെയ്യുവാനാണ് വനംവകുപ്പ് പദ്ധതി ആവിഷ്ക്കരിച്ചത്.. വിദ്യാഭ്യാസ വകുപ്പ് നല്‍കിയ ലിസ്റ്റ് അനുസരിച്ച് ലോക പരിസ്ഥിതി ദിനമായ 05/06/2007-ല്‍ വിതരണം നടത്തുന്നതിനായി വിവിധ ഇനങ്ങളിലുള്ള 24,43,060 വൃക്ഷത്തൈകള്‍ സ്കൂള്‍ അധികാരികള്‍ക്ക് വിതരണത്തിനായി വനംവകുപ്പ് നല്‍കി |
| (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെടുന്ന വിദ്യാര്‍ത്ഥികള്‍ക്ക് ഗ്രേസ്മാര്‍ക്ക് ലഭിക്കാന്‍ അര്‍ഹതയുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ ? | (ഡി) | 'എന്റെ മര'ത്തോട് വിദ്യാര്‍ത്ഥികളില്‍ വളര്‍ന്നുവന്ന താല്‍പര്യം നിലനിര്‍ത്തുന്നതിനുള്ള നടപടികള്‍ വിദ്യാഭ്യാസ-വനം വകുപ്പുകള്‍ ആലോചിച്ചു വരുന്നു. |

സെക്ഷന്‍ ഓഫീസര്‍.

--------

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം 125 — 27-06-2007-ൽ മറുപടിയ്ക്ക്

## വ്യാജ ഭൂമി ഇടപാടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.പി.[illegible]<br>ശ്രീ.കെ.സുധാകരൻ:<br>ശ്രീ.എം.എ വാഹീദ്: | ശ്രീ.എസ്.ശർമ്മ<br>(മത്സ്യ ബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ)വ്യാപകമായി നടക്കുന്ന വ്യാജപ്രമാണം ചമയ്ക്കലും ബിനാമി ഭൂമി ഇടപാടുകളും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) 04-05-2007 ലെ RR.4/5448/2003 നമ്പർ വിജ്ഞാപനം പ്രകാരം നിലവിൽ വന്ന രജിസ്ട്രേഷൻ ചട്ട ഭേദഗതിയനുസരിച്ച് രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരത്തിൽ ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ആളുടെ ഫോട്ടോയും വിരൽപ്പതിപ്പും പതിക്കേണ്ടതാണ്. കൂടാതെ വിലയാധാരങ്ങളിൽ വാങ്ങുന്നയാളുടെയും വില്ലുന്നയാളുടെയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ചിരിക്കണം. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാകുന്ന കക്ഷികളുടെ അനന്യത തെളിയിക്കുന്നതിലേക്കായി തിരിച്ചറിയൽ കാർഡും നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) അടുത്ത കാലത്ത് നടന്ന ഇത്തരം വ്യാജ ഇടപാടുകൾ കണ്ടെത്തുവാനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ ? | (ബി) വ്യാജ ഇടപാടുകൾ നടന്നിട്ടുണ്ടോ എന്ന വിഷയം പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള നിയമപരമായ അധികാരം ഈ വകുപ്പിനില്ല. അന്വേഷണങ്ങളിൽ രജിസ്ട്രേഷൻ വകുപ്പിലെ ആരെങ്കിലും കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 127 27-06-2007-ൽ മറുപടിക്ക്

ഇടുക്കി ജല വൈദ്യുത പദ്ധതിയിലെ ജനറേറ്ററുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>,, ജോസഫ് എം. പുതുശ്ശേരി<br>,, തോമസ് ചാഴികാടൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇടുക്കി ജല വൈദ്യുതി പദ്ധതിയിലെ ജനറേറ്ററുകളുടെ പ്രവർത്തന ശേഷി എത്ര വർഷമാണ്; | (എ) | 35 വർഷം |
| (ബി) | ഇത് നവീകരിക്കുന്നതിനോ അറ്റകുറ്റ പണികൾ നിർവഹിക്കുന്നതിനോ സമയമായിട്ടുണ്ടോ; | (ബി) | ഇല്ല. ഇടുക്കി പദ്ധതിയിലെ ഒന്നാംഘട്ടം 1976ലും രണ്ടാം ഘട്ടം 1986-ലുമാണ് പ്രവർത്തനം ആരംഭിച്ചത്. ഒന്നാംഘട്ടം 35 വർഷം പൂർത്തിയാക്കുന്നത് 2011-ൽ ആണ്. |
| (സി) | പ്രസ്തുത പദ്ധതിയിലെ ജനറേറ്ററുകൾ നവീകരിക്കുന്നതിനും അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നതിനുമുള്ള സാങ്കേതിക വൈദഗ്ധ്യം കെ.എസ്.ഇ.ബിക്ക് ഉണ്ടോ; അതോ മറ്റേതെങ്കിലും ഏജൻസികളുടെ സഹായം തേടേണ്ടതുണ്ടോ; വിശദാംശങ്ങൾ നല്കാമോ; | (സി) | ജനറേറ്ററുകളുടെ ദൈനംദിന / വാർഷിക അറ്റകുറ്റ പണികൾ നിർവ്വഹിക്കുന്നതിനുള്ള സാങ്കേതിക വൈദഗ്ധ്യം കെ.എസ്.ഇ.ബി.ക്കുണ്ട്. എന്നാൽ നവീകരണ പ്രക്രിയ നടത്തുവാനുള്ള നൂതന സാങ്കേതിക വിദ്യയും സജ്ജീകരണങ്ങളും ബോർഡിന് പൂർണ്ണമായി ഇല്ലാത്തതിനാൽ പ്രസ്തുത ജോലികൾ അന്താരാഷ്ട്ര തലത്തിൽ മുൻ പരിചയവും പ്രാഗത്ഭ്യവുമുള്ള കരാറുകാരോ, കൺസൾട്ടന്റുകളോ മുഖേനയാണ് നിർവ്വഹിച്ചുവരുന്നത്. |
| (ഡി) | നടപ്പു സാമ്പത്തിക വർഷം ഇതിലേയ്ക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) | ഈ വർഷം തുകയൊന്നും നീക്കി വച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 128 — 27.06.07 ൽ മറുപടിയ്ക്ക്

## സൈലന്റ്‌വാലിക്കു ചുറ്റും ബഫർസോൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) സൈലന്റ്‌വാലിക്കു ചുറ്റും 'ബഫർ സോൺ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഉണ്ട്. സർക്കാർ ഉത്തരവ് നം(എം.എസ്)36/07/വനം അനുസരിച്ച് സൈലന്റ് വാലി നാഷണൽ പാർക്കിന് ചുറ്റുമുള്ളതും, മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ ഉൾപ്പെട്ടതുമായ 148 ച.കി.മീ. റിസർവ്വ് വനം സൈലന്റ് വാലി ബഫർ സോണായി പ്രഖ്യാപിച്ച് 11.6.07 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എത്ര ചതുരശ്ര കിലോമീറ്റർ വന ഭൂമിയാണ് 'ബഫർ സോണി' ൽ ഉൾപ്പെടുന്നത് ; | (ബി) 148 ചതുരശ്ര കിലോമീറ്റർ വനഭൂമിയാണ് 'ബഫർ സോണി' ൽ ഉൾപ്പെടുന്നത്. |

——→

(സി) 'ബഫർ സോൺ' രൂപീകരിക്കുന്നതു കൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണ്;

(സി) കേവലം 89.52 ച.കി.മീറ്റർ മാത്രം വിസ്തീർണ്ണമുള്ള സൈലന്റ് വാലി നാഷണൽ പാർക്കിൽ വംശനാശ ഭീഷണി നേരിടുന്ന നിരവധി സസ്യ-ജന്തു, പക്ഷി ജാലങ്ങൾ ഉണ്ട്. അവയുടെ നിലനിൽപ്പ് ഉറപ്പു വരുത്തുന്നതിനായി നിലവിലുള്ള സ്ഥലവിസ്തൃതി അപര്യാപ്തമായതിനാൽ ബഫർ സോൺ രൂപീകരണം അനിവാര്യമാണ്. നിലവിലുള്ള സൈലന്റ് വാലി നാഷണൽ പാർക്കിനു ചുറ്റുമുള്ള മണ്ണാർക്കാട്, നിലമ്പൂർ സൗത്ത് എന്നീ ഡിവിഷനുകളിൽപ്പെട്ട 148 ച.കി.മീറ്റർ വനപ്രദേശം ബഫർ സോണായി രൂപീകരിക്കുന്നതിലൂടെ ഈ പ്രദേശവും സൈലന്റ് വാലി നാഷണൽ പാർക്കിന്റെ അധീനതയിലാക്കി സംരക്ഷിക്കുന്നതു വഴി ജൈവ വൈവിദ്ധ്യം നിലനിർത്താൻ സാധിക്കും.

(ഡി) 'ബഫർ സോൺ' സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തുന്ന സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ബഫർ സോൺ സംരക്ഷിക്കുന്നതിനായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 148 ച.കി.മീറ്റർ പ്രദേശം നിലവിലുള്ള സൈലന്റ് വാലി നാഷണൽ പാർക്കിനോട് ചേർത്ത് സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ചുമതലയുള്ള വാർഡന്റെ അധീനതയിൽ ആക്കുന്നതാണ്. കൂടാതെ, ബഫർ സോണിനെ രണ്ടായി വിഭജിച്ച് മണ്ണാർക്കാട് ഡിവിഷനിൽ ഉൾപ്പെടുന്ന 94 ച.കി.മീറ്റർ പ്രദേശം മുക്കാലി ആസ്ഥാനമാക്കി "ഭവാനി" എന്ന പേരിൽ ഒരു പുതിയ റെയിഞ്ചും, അതിന്റെ അധീനതയിൽ അനവായ്, തുടുക്കി എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി രണ്ടു ഫോറസ്റ്റ് സ്റ്റേഷനുകളും രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 54 ച.കി.മീറ്റർ പ്രദേശം നിലവിലുള്ള സൈലന്റ് വാലി റെയിഞ്ചിന്റെ ഭാഗമാക്കി ഭരണം നടത്തുന്നു. നിലവിലുള്ള സ്റ്റാഫിനു പുറമെ ഒരു അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, ഒരു വൈൽഡ്‌ലൈഫ് അസിസ്റ്റന്റ്, രണ്ട് ഡെപ്യൂട്ടി റെയിഞ്ചർ, 4 ഫോറസ്റ്റർ, 24 ഫോറസ്റ്റ് ഗാർഡുമാർ, ഒരു ലോവർ ഡിവിഷൻ ക്ലാർക്ക്, ഒരു ഡ്രൈവർ, ഒരു പ്യൂൺ എന്നിവരുടെ സേവനം കൂടി ഈ പ്രദേശത്തേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 20 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുള്ളതും 15 തസ്തികകൾ പുനർ വിന്യാസം വഴി കണ്ടെത്തിയതുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 129 27.6.2007 ൽ മറുപടിക്ക്

# സേവന മേഖലകളിൽ നിന്നുള്ള നികുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആര്യാടൻ മുഹമ്മദ് | ശ്രീ. തോമസ് ഐസക്<br>ധനകാര്യമന്ത്രി |
| എ). ഇപ്പോൾ സംസ്ഥാനം ഏതെങ്കിലും സേവന മേഖലയിൽ നികുതി ചുമത്തുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിൽ എന്നു പറയുമോ, | ഇപ്പോൾ സംസ്ഥാനം ഒരു സേവന മേഖലയിലും നികുതി ചുമത്തുന്നില്ല. |
| ബി. ഏതെല്ലാം ഇനങ്ങളിൽ സേവന നികുതി ചുമത്തുവാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകുവാൻ കേന്ദ്രം തീരുമാനിച്ചിരുന്നു; | ഏതെങ്കിലും ഇനങ്ങളിൽ സേവന നികുതി ചുമത്തുവാനുള്ള അധികാരം സംസ്ഥാനങ്ങൾക്കു നൽകുവാൻ കേന്ദ്രം ഇതുവരെ തീരുമാനിച്ചിട്ടില്ല. |
| സി. ഈ മേഖലകൾ കൂടാതെ പുതിയ മേഖലകളിലും സംസ്ഥാനങ്ങൾക്ക് സേവന നികുതി ചുമത്തുവാനുള്ള അധികാരം നൽകുവാൻ കേന്ദ്രം തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ എന്നു പറയുമോ; | ഉന്നതാധികാര സമിതിയിൽ ഇതിനെപ്പറ്റിയുള്ള ചർച്ച നടന്നുകൊണ്ടിരിക്കുന്നു. ഘട്ടംഘട്ടമായി കേന്ദ്രവിൽപ്പന നികുതി പിൻവലിക്കുമ്പോൾ സംസ്ഥാന സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി ചില പ്രത്യേക സേവനമേഖലകൾ സംസ്ഥാനത്തിന് നൽകാൻ ഉന്നതാധികാര സമിതിയിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :130

27/06/2007-ൽ മറുപടിക്ക്

വൈദ്യുതി ബോർഡ് വിഭജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.പി.മോഹനൻ. എം.എൽ.എ.<br>ശ്രീ.ജോസ് തെറ്റയിൽ. എം.എൽ.എ.<br>ശ്രീ.എം.കെ.പ്രേംനാഥ്.എംഎൽ.എ. | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. വൈദ്യുതി ബോർഡ് വിഭജന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | എ. ഇല്ല. |
| ബി. എങ്കിൽ പ്രസ്തുത നടപടി ഏതു ഘട്ടം വരെയെത്തിയെന്ന് വെളിപ്പെടുത്തുമോ? | ബി. ബാധകമല്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :131

27/06/2007-ൽ മറുപടിക്ക്

കൃഷി ആവശ്യത്തിനുള്ള വൈദ്യുതിയിൽ ഇളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ, എം.എൽ.എ.<br>ശ്രീ. സി.കെ.പി. പത്മനാഭൻ, എം.എൽ.എ.<br>ശ്രീ. മുരളി പെരുനെല്ലി.എം.എൽ.എ.<br>ശ്രീ. ജോർജ് എം. തോമസ്.എം.എൽ.എ.<br>ശ്രീ. ബാബു.എം. പാലിശ്ശേരി.എം.എൽ.എ. | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ. | കൃഷി ആവശ്യത്തിന് വൈദ്യുതി നല്കുന്ന കാര്യത്തിൽ എന്തെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ. | കാർഷിക ഉപഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിലാണ് വൈദ്യുതി നല്കി വരുന്നത്. നിലവിലുള്ള താരിഫ് പ്രകാരം ലോ ടെൻഷൻ കാറ്റഗറിയിലുള്ള ഉപഭോക്താവ് യൂണിറ്റിന് 65 പൈസയും ഹൈടെൻഷൻ കാറ്റഗറിയിലുള്ള ഉപഭോക്താവ് യൂണിറ്റിന് 130 പൈസയും വൈദ്യുതി ചാർജ് നല്കിയാൽ മതി. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് പ്രത്യേക മുൻഗണന ബോർഡ് നല്കുന്നുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) 30/99, കൃഷി 4/2/99 പ്രകാരം 1/8/1995 മുതൽ വിസ്തൃതി പരിധിയില്ലാതെ നെൽകൃഷിക്ക് പൂർണ്ണമായും, 1/4/1997 മുതൽ 2 ഹെക്ടറിൽ കവിയാത്ത മറ്റു കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം സർക്കാർ ബാധകമാക്കിയിട്ടുണ്ട്. ഇപ്രകാരം കൃഷിഭവൻ മുഖാന്തിരം പണമടക്കുന്ന വൈദ്യുതിയുടെ വില ഉപഭോക്താവ് നല്കേണ്ടതില്ല. |
| ബി. | കാർഷിക ആവശ്യത്തിന് നല്കുന്ന വൈദ്യുതി മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുവാൻ സംവിധാനമുണ്ടോ; | ബി. | ഉണ്ട്. |
| സി. | ഓരോ കണക്ഷനുമുള്ള വൈദ്യുതിയുടെ ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; | സി. | ഇല്ല. |
| ഡി. | കുടിശ്ശികയുടെ പേരിൽ ഇവരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിൽ ഉദാര സമീപനം സ്വീകരിക്കുമോ? | ഡി. | സപ്ലൈകോഡ് 2005-ലെ 25 (g) ഖണ്ഡിക പ്രകാരം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ 15 ദിവസത്തിനകം നോട്ടീസ് നല്കി വിച്ഛേദിക്കാവുന്നതാണ്. കൃഷിഭവൻ വൈദ്യുതി ചാർജ്ജ് ജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ കുടിശ്ശികയുടെ പേരിൽ വിച്ഛേദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:132 27.6.2007-ൽ മറുപടിയ്ക്ക്

## ദുർബല വിഭാഗങ്ങൾക്കായി ഹൗസിംഗ് ബോർഡ് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.രാഘവൻ<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.എം.ഹംസ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി | ശ്രീ.ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പ എടുത്ത ദുർബല വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യം പ്രഖ്യാപിച്ചിട്ടുണ്ട്; | (എ) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യം നൽകി വരുന്നു. കൂടാതെ 22/5/2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 18/2007/ഭവനം പ്രകാരം വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന്/ ആനുകൂല്യം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

(ബി) തിരിച്ചടവ് ശേഷിയില്ലാത്ത ദുർബല വിഭാഗങ്ങളുടെ ഏതെല്ലാം പദ്ധതിപ്രകാരമുള്ള വായ്പകളാണ് എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തിരിച്ചടവ് ശേഷിയില്ലാത്ത ദുർബല വിഭാഗങ്ങളുടെ ഇ.ഡബ്ളിയു.എസ്(അർബൻ) (1977) പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കളുടെ വായ്പാ തുക എഴുതിത്തള്ളാനും, കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി (1981), ഹഡ്കോ 1980 (1980), സന്നദ്ധ സംഘടനകൾ വഴിയുള്ള വായ്പാ പദ്ധതി(1984), പ്രളയ ദുരിതാശ്വാസ പദ്ധതി(ഭവന നിർമ്മാണ ബോർഡ് കൊടുത്തത് 1986), പുനരധിവാസം 3ഉം 4ഉം ഘട്ടങ്ങൾ (റവന്യൂ വകുപ്പുവഴി 1986) എന്നീ പദ്ധതികൾ പ്രകാരമുള്ള വായ്പകൾ, തിരിച്ചടവുശേഷി പരിശോധിച്ച് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചടയ്ക്കാൻ കഴിവില്ല എന്ന് ബോദ്ധ്യപ്പെടുന്നവരുടെ മുതലും പലിശയുടെ ഒരു ഭാഗവും മാത്രം തിരിച്ചടച്ച് വായ്പ ക്ലോസ് ചെയ്യുന്നതിന് അനുവാദം നൽകിക്കൊണ്ട് 22/5/2007ലെ സർക്കാർ ഉത്തരവ്(എം.എസ്) നമ്പർ 18/2007/ഭവനം പ്രകാരം ഉത്തരവായിട്ടുണ്ട്. 60,000ൽപരം ആളുകൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും.

(സി) ദുർബല വിഭാഗങ്ങൾക്ക് ബോർഡ് ഇപ്പോൾ നടപ്പിലാക്കുന്ന ഭവന പദ്ധതികൾ ഏതെല്ലാമാണ്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

(സി) ദുർബല വിഭാഗങ്ങൾക്ക് ബോർഡ് ഇപ്പോൾ നടപ്പിലാക്കുന്ന ഭവന പദ്ധതികൾ സുരക്ഷാ ഭവന പദ്ധതി, ലക്ഷം വീട് നവീകരണ പദ്ധതി എന്നിവയാണ്. 9811 പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 133 . 27.06.2007 -ൽ മറുപടിയ്ക്ക്

'തീരദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കാൻ പദ്ധതി'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സുനാമി പോലുള്ള ദുരന്തങ്ങളിൽ നിന്നും 'തീരപ്രദേശങ്ങളേയും ജനങ്ങളേയും സംരക്ഷിക്കാൻ ഫലപ്രദമായ മാർഗ്ഗമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട 'തീരപ്രദേശങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കൽ പദ്ധതി' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) സുനാമി പോലുള്ള ദുരന്തങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനായി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് ജൈവകവചം(Bio-shield) സൃഷ്ടിക്കുന്നതിനും, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും 'തീരവനം' എന്ന പേരിൽ ഒരു പദ്ധതി, വനംവകുപ്പും മൽസ്യബന്ധന വകുപ്പും സംയുക്തമായി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ജൈവകവചം നിർമ്മിക്കുന്നതിനും, തീരദേശവാസികളുടെ വീട്ടുവളപ്പിലും സ്വകാര്യ കൃഷിയിടങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വൃക്ഷങ്ങ |

ളുടെ സാന്ദ്രത വർദ്ധിപ്പിക്കുന്നതിനും, നിരന്തരമായി കടൽ ക്ഷോഭമുണ്ടാകുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുമാണ് 'തീരവനം' പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്

| | | | |
|---|---|---|---|
| (സി) | മണ്ണിടിച്ചിൽ ഭീഷണിയിൽ നിന്നും നദികളെ സംരക്ഷിക്കുന്നതിന് എല്ലാ നദികളുടേയും തീരങ്ങളിൽ വൃക്ഷം വച്ചുപിടിപ്പിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ? | (സി) | എല്ലാ നദികളുടെയും തീരങ്ങളിൽ പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ലെങ്കിലും, കരമനയാർ, കല്ലടയാർ തുടങ്ങിയവയുടെ തീരങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |

......

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134 | 27.06.07 ൽ മറുപടിയ്ക്ക്

അനശല്യംമൂലമുള്ള കൃഷിനാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വനമേഖലയ്ക്ക് സമീപമുള്ള കൃഷിക്കാർ ആനയുടെ ശല്യം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആനകളുടെ ശല്യം മൂലം കൂടെക്കൂടെ വിളനാശം സംഭവിക്കുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; | (ബി) | തിരുവനന്തപുരം ജില്ലയിലെ കാപ്പുകാട്, പൊടിയക്കാല; കൊല്ലം ജില്ലയിലെ ആര്യൻകാവ്, അച്ചൻകോവിൽ പത്തനംതിട്ട ജില്ലയിലെ വടശേരിക്കര, അരീക്കക്കാവ്, എറണാകുളം ജില്ലയിലെ പൊങ്ങുംചുവട്, ചക്കിമേട്, കുത്തിപ്പാറ, തലവച്ചപാറ, വാരിയം, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, ചിന്നക്കനാൽ, മുത്തംപാഴി, മലപ്പുറം ജില്ലയിലെ നാരങ്ങാമൂല, പുളക്കപ്പാറ, ചെറുപുഴ, പുത്തക്കരക്കുട്ടി, പാട്ടക്കരിമ്പ്, നെല്ലിക്കുത്ത്, മരുത, അയ്യപ്പൻകാപ്പ്, ഇരുൾക്കുന്ന്, പാലക്കയം, പന്തീരായിരം, മാമങ്കര, കരിയം മുറിയം, മുരങ്ങപ്പെട്ടി, പാലക്കാട് ജില്ലയിലെ പുഴുക്കുണ്ട്, മലമ്പുഴ, ചേമ്പന, മുതലമട, കുണമംഗലം, പുലിക്കൂർ, നെല്ലിപതി, മുള്ളി, ധോണി, എലിവാൽ, പുലിക്കോട്, പുതുശ്ശേരി, കോഴിക്കോട് ജില്ലയിലെ താമരശ്ശേരി, കോടഞ്ചേരി, കാവിലുംപാറ, കരിങ്ങാട്, വിലങ്ങാട്, വയനാട് ജില്ലയിലെ തോൽപ്പെട്ടി, പരപ്പത്തൂർ, നൂൽപ്പുഴ, കുപ്പാടി, വടക്കനാട്, കല്ലൂർ, അമ്മാനി, നീർവാരം, നെയ്ക്കുപ്പ, വഞ്ചിക്കടവ്, ഉദയക്കര, ശേഖരൻകുന്ന്, അളകാപുരി, ആനപ്പാറ, പരിപ്പിനിപ്പോയ്, ചാലിൽ, പനവല്ലി, കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ, കണ്ടപ്പുറം, പാലുകാച്ചി, കാസർഗോഡ് ജില്ലയിലെ ചാമക്കൊച്ചി, പാണത്തൂർ എന്നീ പ്രദേശങ്ങളിലാണ് ആനയുടെ ശല്യം മൂലം കൂടെക്കൂടെ വിളനാശം സംഭവിക്കുന്നത്. |
| (സി) | ആനകളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കൃഷിക്കാരെ വിള നാശത്തിൽ നിന്നും രക്ഷിക്കുന്നതിനുമായി നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 135

27-6-2007-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം

**ചോദ്യം**

ശ്രീ. പി.വിശ്വൻ
ശ്രീ. ആർ.സെൽവരാജ്
ശ്രീ. എ.എം. ആരിഫ്
ശ്രീ. സി.കെ.സദാശിവൻ

**മറുപടി**

ശ്രീ എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് മത്സ്യബന്ധന വികസനത്തിനും നവീകരണത്തിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

എ) ഉണ്ട്

ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

ബി) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം, തങ്കശ്ശേരി, തോട്ടപ്പള്ളി, പൊന്നാനി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പുരോഗമിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി കണ്ണൂർ ജില്ലയിലെ തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇവയുടെ നിർമ്മാണം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി) പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

സി) നിലവിൽ കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ അർത്തുങ്കൽ, പരപ്പനങ്ങാടി, താനൂർ, മഞ്ചേശ്വരം, വെള്ളയിൽ, ചെത്തി, ചെല്ലാനം എന്നിവിടങ്ങളിലാണ് പുതുതായി മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നത്. അന്വേഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി യോഗ്യമാണെന്ന് കണ്ടെത്തിയാൽ പരിസ്ഥിതി ക്ലിയറൻസും, കേന്ദ്ര സർക്കാരിന്റെ അനുവാദവും ലഭ്യമായാൽ മാത്രമേ പുതുതായി ഫിഷിംഗ് ഹാർബറുകളും ലാന്റിംഗ് സെന്ററുകളും ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

ഡി) ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണമാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

ഡി) നീണ്ടകര , ചോമ്പാൽ, പുതിയാപ്പ, മാപ്പിളബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 50% കേന്ദ്ര സഹായത്തോടു കൂടി 153.45 ലക്ഷം രൂപയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട് ഇതിൽ പുതിയാപ്പ, ചോമ്പാൽ എന്നിവിടങ്ങളിലെ പണി പൂർത്തീകരിച്ചു. കൂടാതെ ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി 273.80 ലക്ഷം രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട് ഇതിന്റെ പണി പുരോഗമിച്ചു വരുന്നു. നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നബാർഡിന്റെ ധനസഹായത്തോടു കൂടി 895 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ഇ) ചെറിയഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഇ) ചെറിയഴീക്കൽ (കായംകുളം) തുറമുഖത്തിന്റെ പണികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 136 27.6.07-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്ക് സൗജന്യ ചികിത്സാ പദ്ധതി

ചോദ്യം

ശ്രീ . കെ.സി.ജോസഫ്

,, വി.ഡി.സതീശൻ

,, വർക്കല കഹാർ:

ഉത്തരം

ശ്രീ.എ. കെ. ബാലൻ

(ബഹു. പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ ആദിവാസികൾക്ക് സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സാ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് : | (എ) സംസ്ഥാനത്തെ ആദിവാസികൾക്ക് സമ്പൂർണ്ണവും സൗജന്യവുമായ ചികിത്സ നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി ലഭിച്ചിട്ടുള്ള പത്തു കോടി രൂപ വിനിയോഗിച്ച് ഒരു സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (ബി) ഇതിനായി എന്തു തുക ചെലവാകുമെന്നും ഈ പദ്ധതി എന്നു മുതൽ നടപ്പിലാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ : | (ബി) 2003-2004 വർഷം കേന്ദ്ര സർക്കാർ അധിക കേന്ദ്ര സഹായമായി നൽകിയ 10 കോടി രൂപ വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2007-2008 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) ക്യാൻസർ ബാധിതരായ ആദിവാസികൾക്ക് തിരുവനന്തപുരം ആർ.സി.സി.യിൽ പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ? | (സി) ക്യാൻസർ ബാധിതരായ ആദിവാസികൾക്ക് ആർ.സി.സി.യിലെ ചികിത്സാ ചെലവുകൾ ലഭ്യമാക്കുന്ന കാര്യവും ഈ പദ്ധതിയുടെ കീഴിൽ വിഭാവന ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 137 — 27-09-2007-ലെ മറുപടിയ്ക്ക്

## വൈദ്യുതി ഉപഭോക്താക്കളുടെ ഓണർഷിപ്പ് മാറ്റം,

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്ത്<br>" എൻ. രാജൻ<br>" രാജാജി മാത്യു തോമസ്<br>" പള്ളിപ്രം ബാലൻ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കൾ മരണം, വസ്തു കൈമാറ്റം, ക്രയവിക്രയങ്ങൾ എന്നിവ മൂലം ഓണർഷിപ്പ് മാറ്റം നടത്തേണ്ടി വരുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) വൈദ്യുതി ഉപഭോക്താക്കൾ ഓണർഷിപ്പ് മാറ്റം നടത്തേണ്ടി വരുമ്പോൾ 100 രൂപ പ്രോസസ്സിംഗ് ഫീസ് അടച്ച്, അപേക്ഷ അതാത് സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം റവന്യൂ അധികാരികളോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന പുതിയ ഓണർഷിപ്പ് സർട്ടിഫിക്കറ്റോ പഴയ ഉടമസ്ഥന്റെ സമ്മതപത്രമോ ഹാജരാക്കേണ്ടതാണ് ഇതോടൊപ്പം മുദ്ര പത്രത്തിലുള്ള സർവ്വീസ് കണക്ഷൻ എഗ്രിമെന്റും ഹാജരാക്കേണ്ടതാണ്. |
| (ബി) ഇപ്പോഴത്തെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ | (ബി) നിലവിൽ ലഘുവായ നടപടിക്രമമാണ് ഉള്ളത്. കൂടുതൽ ലഘൂകരിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 138

27.6.2007-ൽ മറുപടിയ്ക്ക്

## മത്സ്യമേഖലയുടെ പരിഷ്കരണത്തിന് നിയമനിർമ്മാണം

ചോദ്യം

മറുപടി

ശ്രീ. എൻ.അനിരുദ്ധൻ
ശ്രീ.പി.തിലോത്തമൻ
ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീമതി.ഇ.എസ് ബിജിമോൾ

ശ്രീ എസ് ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യമേഖലയുടെ സമഗ്ര പരിഷ്കരണത്തിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

എ) മത്സ്യമേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ട് നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി CIFT യുടെ മുൻ ഡയറക്ടർ ഡോ.കെ.രവീന്ദ്രൻ ചെയർമാനായി ഒരു അക്വേറിയൽ റിഫോംസ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

ബി) ഇതിനായി രൂപീകരിച്ച അക്വേറിയൽ റിഫോംസ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ നിയമ നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

ബി) ഉണ്ട്. പൊതുജനങ്ങളുടേയും ട്രേഡ് യൂണിയനുകളുടെയും അഭിപ്രായമാരാഞ്ഞു കൊണ്ട് കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാതല സിറ്റിംഗുകൾ നടന്നു. 2007 ആഗസ്ത് 31 ന് മുൻപായി നിയമ നിർമ്മാണത്തിനുള്ള വിശദമായ രൂപരേഖയും, കരടും സമർപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സി) ഈ സമിതിയിൽ ഏതെല്ലാം മേഖലകളിൽപ്പെട്ടവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

സി) അക്വേറിയൽ റിഫോംസ് കമ്മിറ്റിയിൽ വിവിധ മേഖലകളിൽപ്പെടുന്ന താഴെപ്പറയുന്ന 13 വിദഗ്ധ അംഗങ്ങൾ ഉണ്ട്.

വിദഗ്ധ സമിതിയിലെ 6 പേർ ട്രേഡ് യൂണിയൻ പ്രതിനിധികളും, 4 പേർ ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ പ്രഗൽഭരും , ഒരാൾ സാമൂഹ്യ ശാസ്ത്രജ്ഞനും, 2 പേർ സംസ്ഥാന മത്സ്യവകുപ്പിൽനിന്നുള്ള സീനിയർ ഉദ്യോഗസ്ഥൻമാരുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.139. 27.6.2007-ൽ മറുപടിക്ക്

മത്സ്യവിപണനത്തിന് മിനി സൂപ്പർ മാർക്കറ്റുകൾ

ചോദ്യം

ശ്രീ.എ.കെ.ചന്ദ്രൻ :
ശ്രീ.ബാബു പോൾ :
ശ്രീ.എൻ.രാജൻ :
ശ്രീ.കെ.രാജു :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യവിഭവങ്ങളുടെ വിപണനത്തിനായി മിനി സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി ഏതെല്ലാം ഏജൻസികളുടെ സഹകരണം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. ഇതിനായി മത്സ്യഫെഡ് , കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.എഫ്.പി., സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നീ ഏജൻസികളുടെ സഹായം തേടിയിട്ടുണ്ട്. |
| (ബി) മത്സ്യ വിപണനത്തിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (ബി) ഉണ്ട്. മത്സ്യ വിപണനത്തിലെ ഇടത്തട്ടുകാരെ ഒഴിവാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മത്സ്യവിപണനത്തിനായി മത്സ്യഫെഡ് ഫിഷർമെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ വഴി ബീച്ചിലെ ലേല സമ്പ്രദായം ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. ബീച്ചിലെ ലേലം നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നല്കുന്ന പദ്ധതി, സുനാമി അടിയന്തിര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി, മത്സ്യഫെഡ് വഴി |

| | |
|---|---|
| | നടപ്പിലാക്കിവരുന്നു. പലിശ രഹിത വായ്പ പദ്ധതി സാഫ് വഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) മത്സ്യബന്ധന തൊഴിലാളി കളിൽ നിന്നും മത്സ്യം നേരിട്ട് സംഭരിച്ച് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എത്തിച്ചു കൊടുക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) മത്സ്യബന്ധന തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിച്ച് ഗുണഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എത്തിച്ചുകൊടുക്കുന്നതിന് മത്സ്യവിപണനത്തിന് വാഹനം ലഭ്യമാക്കൽ, ഫിഷ് കിയോസ്ക്, ഫ്രഷ്/ഡ്രൈ ഫിഷ് യൂണിറ്റ് എന്നീ പദ്ധതികൾ, സുനാമി അടിയന്തിര സഹായപദ്ധതി, സുനാമി പുനരധിവാസ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :140

27/06/2007-ൽ മറുപടിക്ക്

## വൈദ്യുതി ദുരുപയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ജെ.ജേക്കബ്. എം.എൽ.എ.<br>ശ്രീ. കെ.കെ.ദിവാകരൻ. എം.എൽ.എ.<br>ശ്രീ. അൽഫോൻസ് കണ്ണന്താനം.എം.എൽ.എ.<br>ശ്രീമതി പി.അയിഷാ പോറ്റി.എം.എൽ.എ.<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ.എം.എൽ.എ. | | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ദുരുപയോഗം ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. വൈദ്യുതി ദുരുപയോഗം തടയുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി. | വൈദ്യുതി ബോർഡിന്റെ ഓഫീസുകളിൽ വൈദ്യുതി ഉപയോഗം കുറക്കുന്നതിന് ഫാനുകളും ലൈറ്റുകളും ആവശ്യമില്ലാത്തപ്പോൾ ഓഫ് ചെയ്യുക, CF Lamp കൾ ഉപയോഗിക്കുക എന്നീ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ കാറ്റും വെളിച്ചവും ലഭ്യമാകത്തക്കവിധം ഫയലുകളും ഇരിപ്പിടങ്ങളും ക്രമീകരിക്കുക എന്നീ നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. "ഊർജ്ജ സംരക്ഷണത്തിന് ഈ ഓഫീസ് ഒരു മാതൃക" എന്നെഴുതിയ ഫലകം എല്ലാ ഓഫീസുകളിലും സ്ഥാപിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട് ഈ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പു വരുത്തുവാൻ ഓഫീസുകളിലെ പ്രതിമാസ ഉപഭോഗം നിരീക്ഷിക്കുന്നുണ്ട്. |
| സി. അമിത ഉപയോഗവും ദുരുപയോഗവും ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്ന കാര്യം ആലോചിക്കുമോ? | സി. | അമിത ഉപയോഗം, ദുരുപയോഗം തുടങ്ങിയവ സംബന്ധിച്ചും വൈദ്യുതി പാഴാക്കാതെ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള അവബോധം വ്യാപിപ്പിച്ച് ദുരുപയോഗം തടയുവാനാണ് വൈദ്യുതി ബോർഡ് ശ്രമിച്ചു വരുന്നത്. പിഴ ഈടാക്കുന്നത് സംബന്ധിച്ച് തൽക്കാലം ആലോചിച്ചിട്ടില്ല. |

RRaman

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 141     27.06.07 ൽ മറുപടിയ്ക്ക്

## വനനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ | ശ്രീ. ബിനോയ്‌വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) സംസ്ഥാന സർക്കാർ വന നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;<br>(ബി) വന സംരക്ഷണം പരിപാലനം എന്നിവയും വനേതര മേഖലകളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാന സർക്കാർ വന നയത്തിന്റെ കരട് പ്രഖ്യാപിച്ചിട്ടുണ്ട്.<br>(ബി) കരട് വനനയം അനുസരിച്ച് പ്രധാനമായും വന സംരക്ഷണം, പരിപാലനം എന്നിവയ്ക്കും വനേതര മേഖലകളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും താഴെ ചേർക്കുന്ന പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.<br>1. വന സംരക്ഷണം : സംസ്ഥാനത്തെ സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുക, ഭാവി തലമുറയ്ക്കു വേണ്ടി പരിപാലിക്കുക, വിസ്തൃതി വർദ്ധിപ്പിക്കുക എന്നിവയ്ക്ക് ഊന്നൽ നൽകിയും വന സമ്പത്ത് സംരക്ഷിക്കുന്നതിന് വന നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുക, വനാതിർത്തികൾ സമയബന്ധിതമായി സർവ്വേ നടത്തി കയ്യാലകൾ, ജണ്ടകൾ, |

കെട്ടി സംരക്ഷിക്കുക, വനം കയ്യേറ്റം, വനത്തിനുള്ളിലെ അനധികൃത മരംവെട്ടൽ, വന്യമൃഗ വേട്ടയാടൽ, കഞ്ചാവ് കൃഷി, അനധികൃത ഖനനം മുതലായവ നിയന്ത്രിക്കുക.

അപൂർവ്വങ്ങളായ സസ്യജീവജാലങ്ങളെ സംരക്ഷിക്കുക. സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള കണ്ടൽക്കാടുകൾ റിസർവ്വ് വനങ്ങളാക്കി സംരക്ഷിക്കുക. സ്വകാര്യഭൂമിയിലുള്ള കണ്ടൽക്കാടുകൾ ഏറ്റെടുത്ത് സംരക്ഷിക്കുക. നശിക്കുകയോ അനാഥമായി കിടക്കുകയോ ചെയ്യുന്ന കാവുകളെ പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക. ആദിവാസികൾ, വനവാസികൾ, തുടങ്ങി വനാശ്രിത സമൂഹങ്ങളെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് പ്രധാനമായും കരട് വനനയത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

<u>പരിപാലനം</u> : ക്ഷയോന്മുഖമായ വനഭൂമികൾ ഫലപ്രദമായ പരിപാലന ഇടപാടുകളിലൂടെ പുനരുജ്ജീവിപ്പിക്കുക.

ജൈവവൈവിദ്ധ്യങ്ങൾക്ക് സംരക്ഷണം

ഒരുക്കുകയും, പരിസ്ഥിതി ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുന്ന സ്വാഭാവിക വനങ്ങളെ സംരക്ഷിച്ച് പരിപാലിക്കുക എന്നുള്ള കാര്യങ്ങൾ, അംഗീകൃത വർക്കിംഗ് പ്ലാനുകളും, മാനേജ്മെന്റ് പ്ലാനുകളും അടിസ്ഥാനമാക്കി ജനപങ്കാളിത്തത്തോടെ വന സംരക്ഷണവും വന പരിപാലനവും നടപ്പിലാക്കുക. ചന്ദന മരങ്ങൾ അനധികൃതമായി മുറിക്കുന്നതിനും സ്വാഭാവിക ചന്ദനക്കാടുകൾ പുന:സൃഷ്ടിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കുക, കർശനമായ സംരക്ഷണ നടപടികളിലൂടെ ചന്ദനക്കടത്ത് തടയുക, കുറ്റക്കാർക്കെതിരെ കർക്കശമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതിന് ആവശ്യമായ നിയമം കൊണ്ടു വരുന്നതിന് നയത്തിൽ ഊന്നൽ നല്കുന്നുണ്ട്.

2. വനേതര മേഖലകളിൽ മരം വച്ചു പിടിപ്പിക്കുക

1988 ലെ ദേശീയ വന നയത്തിന്റെ ആശയം ഉൾക്കൊണ്ടുകൊണ്ട് ആകെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് വനങ്ങളാലും, വൃക്ഷങ്ങളാലും സമൃദ്ധമാക്കി ഹരിതകവചം സൃഷ്ടിക്കുന്നതിനുവേണ്ടി വനേതര

സ്ഥലങ്ങളിൽ മരം വച്ചു പിടിപ്പിക്കുന്ന 'എന്റെ മരം', 'വഴിയോരത്തണൽ', 'തീരവനം' തുടങ്ങിയ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുക, തോട്ട വനവൽക്കരണം, വീട്ടു വനവൽക്കരണം, നഗര വനവൽക്കരണം എന്നീ പദ്ധതികളോടൊപ്പം സർക്കാർ അധീനതയിലുള്ള തരിശു സ്ഥലങ്ങളിലും വനവൽക്കരണം നടത്തുക, ഫോറസ്ട്രി ക്ലബ്ബുകൾ, പഞ്ചായത്തുകൾ, എൻ.ജി.ഒ.സംഘടനകൾ തുടങ്ങിയവ മുഖേന മരം വച്ചു പിടിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക. കൂടാതെ പൊതു ജനങ്ങളെ മരങ്ങൾ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരിക്കുക, ക്ലാസ്സുകൾ/ ട്രെയിനിംഗ് നടത്തി ജനങ്ങളിൽ അവബോധം വളർത്തുക എന്നിവയും സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നടത്തുന്നതാണ്.

(സി) നാശം സംഭവിച്ച വനപ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് വന നയത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ക്ഷയോന്മുഖമായ വനഭൂമികൾ ഫലപ്രദമായ പരിപാലന ഇടപാടുകളിലൂടെ പുനരുജ്ജീവിപ്പിക്കുക, തടിയേതര വനവിഭവങ്ങൾക്ക് വേണ്ടിയുള്ള

| | |
|---|---|
| | മരങ്ങൾ, മരസാന്ദ്രത കുറഞ്ഞ തോട്ടങ്ങളിൽ വച്ചു പിടിപ്പിക്കുക എന്നീ പരിപാടികളാണ് കരട് വനനയത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. |
| (ഡി) വനാതിർത്തികൾ സർവ്വേ നടത്തി ജണ്ട കെട്ടി അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) സർക്കാർ വനങ്ങൾ സർവ്വേ നടത്തി കയ്യാലകൾ, ജണ്ടകൾ എന്നിവ നിർമ്മിച്ച് തുടർന്ന് സംരക്ഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 142 – 27.06.2007 ൽ മറുപടിയ്ക്ക്

സർക്കാർ ജീവനക്കാരുടെ പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. കെ.സി. വേണുഗോപാൽ | ശ്രീ. തോമസ് ഐസക്<br>ധനകാര്യ മന്ത്രി. |

| | |
|---|---|
| എ. സംസ്ഥാനത്ത് എത്ര സർവ്വീസ് പെൻഷൻകാരുണ്ട്? ഇന്നത്തെ നിലയിൽ സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും എണ്ണം എന്നു തുല്യമാകുമെന്നാണ് കണക്കാക്കപ്പെടുന്നത് | സംസ്ഥാനത്ത് നിലവിൽ 3,02,536 പെൻഷൻകാർ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 13 വർഷം കഴിയുമ്പോൾ സർക്കാർ ജീവനക്കാരുടേയും പെൻഷൻ കാരുടേയും എണ്ണം തുല്യമാകുമെന്ന് കണക്കാക്കുന്നു. |
| ബി. പെൻഷൻ, ശമ്പളം എന്നീ ഇനത്തിൽ എന്തു തുക വീതം കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കി? | 2006 – 2007 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. |
| സി. സർക്കാർ ജീവനക്കാരുടെ റിട്ടയർമെന്റ് പ്രായം വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ? | ഇല്ല. സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനം ഒന്നും തന്നെ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ : 143

27.06.2007 ൽ മറുപടിയ്ക്ക്

സംസ്ഥാന വൈദ്യുത പദ്ധതികൾ

**ചോദ്യം**

ശ്രീ: പി.എം.എ. സലാം
" എം.കെ.മുനീർ

(എ) വൈദ്യുതി നഷ്ടം കുറക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികസമുദായ ക്ഷേമവും
ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) വൈദ്യുതി നഷ്ടം കുറക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യമെന്ന നിലയിൽ 2002-03 സാമ്പത്തിക വർഷത്തേക്ക് 64.94 കോടി രൂപയും, 2004-05 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച 79.97 കോടി രൂപയിൽ 20 കോടി രൂപയും നാളിതുവരെ കേന്ദ്രത്തിൽ നിന്നും ബോർഡിന് ലഭിച്ചിട്ടുണ്ട്.

(ബി) വികസന ആവശ്യങ്ങൾക്ക് കൂടുതൽ വൈദ്യുതി ലഭിക്കുവാൻ വേണ്ടി പുതിയ ഏതെങ്കിലും പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വികസനാവശ്യങ്ങൾക്ക് കൂടുതൽ വൈദ്യുതി ലഭിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ജല വൈദ്യുതപദ്ധതികളിൽ താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(1) അതിരപ്പിള്ളി (163 mw,233 mu)
(2) മാങ്കുളം (40 mw, 82 mu)
(3) തൊട്ടിയാർ (40 mw,99mu)
(4) പാത്രക്കടവ് (70 mw,214 mu)

വിശദാംശങ്ങൾ അനുബന്ധം 1 - ൽ ചേർത്തിരിക്കുന്നു.

ഇതിനു പുറമേ കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനു 1000 mw ന്റെ കൽക്കരി ബ്ലോക്ക് അനുവദിച്ചു തരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (സി) ഏതെങ്കിലും പുതിയ ജലവൈദ്യുത പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ? | (സി) ഉണ്ട്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ (60 mw, 153.9 mu) നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ 31-1-2007-ൽ M/s ESSAR-DEC-CPPL കൺസോർഷ്യവുമായി ഒപ്പു വയ്ക്കുകയും, നിർമ്മാണപ്രവർത്തനങ്ങൾ 9-3-2007-ൽ ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 30.1.2011-ൽ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 144 — 27.06.07 ൽ മറുപടിയ്ക്ക്

ചന്ദന മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. വി. ശശികുമാർ | ശ്രീ.ബിനോയ് വിശ്വം<br>( വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ചന്ദന മോഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; ഇതിന്റെ ഫലമായി ചന്ദന കള്ളക്കടത്ത് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | (എ) ചന്ദനമോഷണം തടയുന്നതിനായി ചന്ദന കാടുകൾ ചെറിയ ബ്ലോക്കുകൾ ആയി തിരിച്ച് ജീവനക്കാരേയും വാച്ചർമാരേയും വിന്യസിച്ച് സംരക്ഷണം ഉറപ്പു വരുത്തുന്നു. ഉൾക്കാടുകളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. രാത്രിയും പകലും സംരക്ഷണം ഉറപ്പു വരുത്തുന്നു. വന സംരക്ഷണ സമിതികളെ സംരക്ഷണ കാര്യങ്ങളിൽ പങ്കാളികളാക്കുന്നു. ചന്ദന സംരക്ഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 17 കിലോ മീറ്റർ ചെയിൻ ലിങ്ക് ഫെൻസ് മറയൂരിൽ പൂർത്തിയാക്കിയിട്ടുണ്ട്. ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി 20 വന സംരക്ഷണ സമിതികൾ രൂപീകരിച്ച് സംരക്ഷണം ഉറപ്പു വരുത്തുന്നു. തദ്ദേശ വാസികളുടെയും ജനപ്രതിനിധികളുടേയും പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് രണ്ട് ജനകീയകൺവെൻഷനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ചന്ദനമോഷണവുമായി ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ യഥാസമയം അറസ്റ്റു ചെയ്യുകയും കേസുകൾ യഥാസമയം ചാർജ്ജ് ചെയ്യുകയും ചെയ്തുവരുന്നു. ചന്ദന സംരക്ഷണ ജീവനക്കാർക്ക് ആവശ്യമുള്ള ആയുധങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും നൽകിയിട്ടുണ്ട്. പോലീസിന്റെയും അന്തർ സംസ്ഥാന അധികൃതരുടേയും സഹകരണത്തോടെ ചന്ദന മോഷണം തടയുന്നതിനായി രഹസ്യവിവരം ശേഖരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. സ്ഥിരം കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ച് വരുന്നു. ഇതിന്റെയെല്ലാം ഫലമായി ചന്ദനക്കള്ളക്കടത്ത് ഫലപ്രദമായി തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ചന്ദന മോഷണം തടയുന്നതിൽ പൊതുജന പങ്കാളിത്തം നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ചന്ദന വേട്ടക്കാരെ പ്രതിരോധിക്കുന്നതിന് വനം വകുപ്പ് ജീവനക്കാർക്ക് ആവശ്യമായ ആയുധങ്ങളും വാർത്താവിനിമയ സാമഗ്രികളും നൽകുന്നുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | പൊതുമേഖലയിൽ ചന്ദന ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കുമോ ? | (ഡി) | മറയൂരിൽ സർക്കാർ ഉടമസ്ഥതയിൽ വന വികസന ഏജൻസിയുടെ സഹായത്തോടെ ഒരു ചന്ദന തൈല ഫാക്ടറി സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 145

27.6.2007-ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിയന്ത്രണം

ചോദ്യം

ശ്രീ. കെ.ബാബു
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ. എൻ.ശക്തൻ

മറുപടി

ശ്രീ. എസ് ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ്
മന്ത്രി)

എ) ട്രോളിംഗ് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മോട്ടോർ ഘടിപ്പിച്ച മത്സ്യ ബന്ധനയാനങ്ങളെ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

ബി) ഇതു സംബന്ധിച്ച് സുപ്രീം കോടതി വിധിയുണ്ടായ സാഹചര്യത്തിൽ ഇതിനായി പ്രത്യേക നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ ?

എ) യും ബി) യും

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മോട്ടോർ ഘടിപ്പിച്ച മത്സ്യ ബന്ധനയാനങ്ങളെ മത്സ്യബന്ധന നിരോധനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള 2007 ലെ കേരള വർഷകാല മത്സ്യബന്ധന (സമുദ്രോപരിതലം) സംരക്ഷണ നിയമത്തിന് നിയമനിർമ്മാണ സഭ ഐകകണ്ഠ്യേന അംഗീകാരം നൽകുകയും പ്രസ്തുത നിയമം ജൂൺ 21 മുതൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 146. 27.06.2007 ൽ മറുപടിക്ക്

### സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

| ചോദ്യം<br>*ശ്രീ. എ.എ. അസീസ്*<br>*ശ്രീ. കോവൂർ കുഞ്ഞുമോൻ* | ഉത്തരം<br>*ബഹു: ധനകാര്യ വകുപ്പുമന്ത്രി*<br>*ഡോ. റ്റി.എം. തോമസ് ഐസക്* |
|---|---|
| എ. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ; | 31.03.2007 ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ താത്ക്കാലിക കണക്കുകൾ പ്രകാരം റവന്യൂ കമ്മി (-)3045.83 കോടിയും ധനകമ്മി (-)4133.04 കോടിയും പ്രൈമറി സർപ്ലസ് (+)242.23 കോടി രൂപയും ആയിരുന്നു. റവന്യൂകമ്മി, ധനകമ്മി എന്നിവ യഥാക്രമം മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 2.41 ശതമാനവും 3.28 ശതമാനവും ആയിരുന്നു. സംസ്ഥാനത്തിന്റെ പൊതുകടം 49,274.50 കോടി രൂപയുമായിരുന്നു. പൊതുകടത്തിന്റെ വർദ്ധനവിന്റെ തോത് മുൻവർഷത്തേക്കാൾ കുറയുകയാണുണ്ടായത്. |
| ബി. ഈ ഗവൺമെന്റ് അധികാര ത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക നില എന്തായിരുന്നു; | ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ടുമുൻപ് അവസാനിച്ച സാമ്പത്തിക വർഷത്തെ (2005-06) അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം തനതു വർഷം റവന്യൂകമ്മി (-)3129.15 കോടി രൂപയും ധനകമ്മി (-)4181.72 കോടിയും പ്രൈമറി ഡെഫിസിറ്റ് (-)382.48 കോടി രൂപയും ആയിരുന്നു. റവന്യൂകമ്മി, ധനകമ്മി എന്നിവ യഥാക്രമം മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 2.80 ശതമാനവും 3.75 ശതമാനവും ആയിരുന്നു. പൊതുകടം 45,929.05 കോടി രൂപയുമായിരുന്നു. |

| | | |
|---|---|---|
| സി. | സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ വകുപ്പുകളോടും വരുമാന ചോർച്ച തടയുന്നതിനും, പുതിയ വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യയനിയന്ത്രണത്തിന്റെ ഭാഗമായി വിമാന യാത്ര ഇക്കണോമി ക്ലാസിൽ മാത്രമേ നടത്താവൂ എന്നും ഉത്തരവിറക്കിയിട്ടുണ്ട്. |
| ഡി. | ഇതിനായി കേന്ദ്ര ഗവൺമെന്റ് മുമ്പാകെ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരി ക്കുന്നത് ? | കേരളത്തിന്റെ വായ്പാ പരിധി ഉയർത്തുക; കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം ഉയർത്തുക; കൂടുതൽ അധിക പദ്ധതി ധനസഹായം അനുവദിക്കുക; ദേശീയ സമ്പാദ്യ പദ്ധതിയുടെ പലിശ നിരക്ക് കൂട്ടി നിക്ഷേപം വർദ്ധിപ്പിക്കുക, സ്ഥാപനങ്ങൾക്ക് ദേശീയ സമ്പാദ്യ പദ്ധതിയുടെ സ്കീമിൽ നിക്ഷേപം അനുവദിക്കുക, സ്കൂളുകളിൽ സഞ്ചയിക പദ്ധതി പുന:സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്രഗവൺമെന്റ് മുൻപാകെ ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 147 | 27.06.2007 ൽ മറുപടിയ്ക്ക്

## രാജീവ്ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) രാജീവ്ഗാന്ധി ഗ്രാമീൺ വിദ്യുത് യോജനയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) 2012 ഓടെ രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്നതാണ് ആർ.ജി.ജി.വി.വൈ യുടെ പ്രധാന ലക്ഷ്യം. പദ്ധതി തുകയുടെ 90% മൂലധന സബ്സിഡിയായും 10% വായ്പയായും ലഭിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നത്.<br>1. 11 കെ.വി. ലൈനുകൾ നിർമ്മിക്കുക<br>2. വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.<br>3. എൽ.ടി. ലൈനുകൾ നിർമ്മിക്കുക<br>4. ട്രാൻസ്ഫോർമർ മീറ്ററുകൾ സ്ഥാപിക്കുക<br>5. വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക |
| (ബി) പദ്ധതിയുടെ ആദ്യഘട്ടം ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കുന്നത്; | (ബി) പദ്ധതിയുടെ ആദ്യഘട്ടം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. |
| (സി) പാവപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (സി) ഇപ്പോൾ വൈദ്യുതി എത്താത്ത ഗ്രാമങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ഭവനങ്ങൾ ഈ പദ്ധതി പ്രകാരം സൗജന്യമായി വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| (ഡി) എത്ര കിലോമീറ്റർ ദൂരത്തിൽ വൈദ്യുതി വിതരണം നടത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ഡി) വൈദ്യുതി എത്താത്ത കരകൾ വൈദ്യുതീകരിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ കരകളിലേക്കും നിർമ്മിക്കേണ്ടി വരുന്ന 11 കെ.വി. ലൈനിന് ദൂരപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഓരോ കരയിലും നിർമ്മിക്കാവുന്ന എൽ.ടി. ലൈനിന്റെ മൊത്തം ദൈർഘ്യം ഒരു കിലോമീറ്ററായി നിജപ്പെടുത്തിയിരിക്കുന്നു. |
| (ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് എന്നും വൈദ്യുതി വിതരണ ചുമതല ആരെ ഏൽപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ? | (ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ബോർഡിനാണ്. ഈ കരകളിലെ വൈദ്യുതി വിതരണ ചുമതലയും ബോർഡിൽ തന്നെ നിലനിർത്തുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. |

Padma...(signature)

ജെ.ഷെരീഫ് മാഹിനാർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 148 — 27.6.07-ൽ മറുപടിയ്ക്ക്

## ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.എൻ.ജയരാജ് :<br>ശ്രീ.കെ.എം.മാണി:<br>ശ്രീ.സി.എഫ്. തോമസ്:<br>ശ്രീ.തോമസ് ഉണ്ണിയാടൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ഈ സാമ്പത്തികവർഷം ദുർബലവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എ യും ബി യും)<br>സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കിവരുന്ന ലക്ഷം വീട് നവീകരണ പദ്ധതി, സുരക്ഷാ ഭവന പദ്ധതി എന്നിവയ്ക്ക് പുറമെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ വകുപ്പുകൾ വഴി നിർമ്മിച്ചു നൽകിയ വീടുകളുടെ അറ്റകുറ്റപ്പണി നിർവഹിച്ചു നൽകുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 149

27.6.2007-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ഷാജു<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മത്സ്യത്തൊഴിലാളി മേഖലയിൽ പട്ടിണിയും പകർച്ച വ്യാധിയും കടക്കെണിയും വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ 'മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ' രൂപീകരിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | എ) കടാശ്വാസ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള 2007 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ ആക്ട് ആകുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ നടന്നുകൊണ്ടിരിക്കുന്നു (വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.) |
| ബി) മത്സ്യത്തൊഴിലാളി മേഖലയിൽ എന്തൊക്കെ പുതിയ ആശ്വാസ നടപടികളാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ ? | ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി, സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി, പലിശ രഹിത വായ്പ, മത്സ്യ വിപണന സൗകര്യങ്ങൾ, സമ്പൂർണ്ണ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം, ജീവനോപാധിയ്ക്ക് ഉതകുന്ന മൈക്രോ സംരംഭങ്ങൾ എന്നിങ്ങനെയുള്ള ആശ്വാസ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കടബാദ്ധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും കടക്കെണിയായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട് അതിന് ആനുഷംഗികവുമായതുമായ സംഗതികൾക്ക് വേണ്ടി ഒരു കമ്മീഷൻ രൂപവൽക്കരിക്കുന്നതിന് വേണ്ടിയുള്ള ഒരു ബില്ലാണ് 2007 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ. 12-ാം നിയമസഭയുടെ 92-ാമത്തെ ബില്ലാണ് 2007 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ബിൽ. ഇത് ആക്ട് ആക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

നിർവ്വചനങ്ങൾ, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ രൂപവൽക്കരണം, അംഗങ്ങളുടെ ഔദ്യോഗിക കാലാവധിയും, സേവന വ്യവസ്ഥകളും കമ്മീഷന്റെ അധികാരങ്ങളും ചുമതലയും, പ്രവർത്തന മേഖല, കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാർ, പ്രവർത്തനഫണ്ട്, ദുരിത ബാധിത പ്രദേശത്തെ മത്സ്യത്തൊഴിലാളി എടുത്ത വായ്പ, ഒത്തുതീർപ്പിനെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ, വായ്പകളുടെ പുനഃക്രമീകരണം, ധനകാര്യ മെമ്മോറാണ്ടം എന്നിവ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നു.

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 150 — 27.06.2007 ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നൽകുന്ന ആനുകൂല്യങ്ങൾ

**ചോദ്യം**

ശ്രീ. എം.എ. വാഹിദ് :
ശ്രീ. കെ.സി. ജോസഫ് :

**ഉത്തരം**

**ശ്രീ. എ.കെ. ബാലൻ**

പട്ടികസമുദായക്ഷേമവും യുവജനക്ഷേമവും
വകുപ്പു മന്ത്രി

(എ) ഈ അദ്ധ്യയനവർഷം പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു നൽകുന്ന ആനുകൂല്യങ്ങളിൽ എന്തെങ്കിലും വർദ്ധനവിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(എ) & (ബി)

പരിശോധിച്ചു വരുന്നു.

(സി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ?

(സി) നിലവിൽ സ്വാശ്രയ കോളേജുകളിൽ പ്രവേശന പരീക്ഷ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നും പ്രവേശനം നേടിയിട്ടുള്ള കോഴ്സുകൾക്ക് മെരിറ്റിലും 10% റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കെ.റ്റി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസാനുകൂല്യങ്ങൾ നൽകി വരുന്നു. കൂടാതെ സംസ്ഥാനത്തെ അംഗീകൃത യൂണിവേഴ്സിറ്റികൾ (ഡീംഡ് യൂണിവേഴ്സിറ്റികൾ ഒഴികെ), കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ (എൽ.ബി.എസ്. സെന്റർ, ഐ.എച്ച്.ആർ.ഡി, സി.ഡിറ്റ്, ഇ. ആർ.& ഡി. സി. (സി.ഡാക്) തുടങ്ങിയവ), സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലും അംഗീകൃത നഴ്സിംഗ് കോഴ്സുകൾക്കും എൻ.ആർ.ഐ/പ്രിവിലേജ് ഒഴികെയുള്ള സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ